DESPATCHED
On..9|2|22

28.01.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2561603, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No.1292 (4)/20 /എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.8669 /എസ്.ഐ.സി-ജി2/2020 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 28.01.2022**

ശ്രീ. ജോർജ്ജ് മാത്യൂ,
കൊച്ചേട്ടൻസ് വീട്, താഴ്ത്തങ്ങാടി,
കോട്ടയം- 686 005.

അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
അക്കൗണ്ട്സ് ഓഫീസർ,
കോളേജ് വിദ്യാഭ്യാസ ഉപമേധാവിയുടെ കാര്യാലയം,
എറണാകുളം.

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി ഡയറക്ടർ,
കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡെപ്യൂട്ടി-
ഡയറക്ടറുടെ കാര്യാലയം,
ഹോസ്പിറ്റൽ റോഡ്, എറണാകുളം.

എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

ടി അപ്പീൽ ഹർജിയിൽ കമ്മീഷൻ 19.11.2021 ൽ താൽക്കാലിക ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിപ്രകാരമായിരുന്നു. " അപ്പീൽ ഹർജിക്കാരന്റെ 05.03.2020 ലെ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകിയത് രണ്ടുമാസത്തിനു ശേഷമാണ്. ഒന്നാം അപ്പീലധികാരിയുടെ തീർപ്പ് അനുസരിച്ച് നൽകിയ മറുപടി ലഭിക്കുന്നതിന് മുമ്പാണ് അപേക്ഷകൻ രണ്ടാം അപ്പീൽ നൽകിയതെന്ന ഒന്നാം എതിർകക്ഷിയുടെ വാദം അംഗീകരിച്ചാൽ തന്നെ, വിവരാവകാശ അപേക്ഷയ്ക്ക്

മറുപടി നൽകിയത് 30 ദിവസം വൈകിയാണ്. ഇത് അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല. ആയതുകൊണ്ട്, ഉത്തരവ് കൈപ്പറ്റി പതിനഞ്ചു ദിവസത്തിനുള്ളിൽ ഒന്നാം എതിർകക്ഷി വിവരങ്ങളും, രേഖകളുടെ പകർപ്പുകളും ഒരിക്കൽകൂടി അപേക്ഷകന് പൂർണ്ണമായും സൗജന്യമായി നൽകേണ്ടതാണ്. അതിനൊപ്പം, വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ ഒരു മാസം കാലതാമസം വരുത്തിയതിന് നടപടിയെടുക്കാതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ ആയതിനുള്ള വിശദീകരണവും മേൽപ്പറഞ്ഞ കാലാവധിക്കുള്ളിൽ കമ്മീഷന് നൽകേണ്ടതാണ്". ഇതനുസരിച്ച്, ഒന്നാം എതിർകക്ഷിയുടെ വിശദീകരണം 06.01.2022 ൽ കമ്മീഷന് ലഭിച്ചു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് വിവരാവകാശ അപേക്ഷ കൈകാര്യം ചെയ്യേണ്ടി വന്നതെന്നും, ഈ കാലതാമസം മാപ്പാക്കണമെന്നും അപ്പീൽ അപേക്ഷക്ക് 04.08.2020 ലെ കത്തു മുഖേന എല്ലാവിവരങ്ങളും ഒരിക്കൽ കൂടി നൽകിയിട്ടുണ്ടെന്നും, കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മറുപടി ലഭിക്കുന്നതിന് കാലതാമസം നേരിട്ടതിൽ അപേക്ഷകന് പരാതിയില്ലാ എന്ന് ടിയാൻ അപ്പീൽ അപേക്ഷയിൽ പറഞ്ഞിട്ടുണ്ടെന്നും, ഒന്നാം എതിർകക്ഷിയുടെ വിശദീകരണത്തിൽ പറയുന്നു. അയച്ച മറുപടിയുടെ പകർപ്പുകളും ടിയാൻ കമ്മീഷന് നൽകിയിട്ടുണ്ട്.

ഇതെല്ലാം കണക്കിലെടുത്ത് അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേദിവസം 28.01.2022 ന് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

Va